പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3315 — 16.12. 2015-ൽ മറുപടിക്ക്

## രാജീവ് ആവാസ് യോജന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |

(എ) രാജീവ് ആവാസ് യോജന പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിയ്ക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(എ) യും (ബി) യും ചേരിരഹിത ഭാരതം വിഭാവനം ചെയ്തു കൊണ്ട് നഗരങ്ങളിലെ പൗരൻമാർക്ക് പാർപ്പിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് രാജീവ് ആവാസ് യോജന. രണ്ട് ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കുന്നത്. ആദ്യപടിയായി നഗരസഭകളിൽ ചേരി രഹിത നഗരാസൂത്രണ കർമ്മ പരിപാടി തയ്യാറാക്കുന്നു. 15 വർഷം മുൻകൂട്ടിക്കണ്ടുകൊണ്ട് നഗരത്തെ ചേരി രഹിതമാക്കുന്നതിനായി തയ്യാറാക്കുന്ന സമഗ്ര മാർഗ്ഗരേഖയാണ് ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി (എസ്.എഫ്.സി.പി.ഒ.എ). നിലവിലുള്ള ചേരികൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഭാവിയിലെ ചേരിയിലെ വളർച്ച തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്ന സമഗ്ര രൂപരേഖയാണിത്. തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട ചേരികൾക്കായി ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് ( ഡി.പി.ആർ) തയ്യാറാക്കുന്നു.

താഴെപ്പറയുന്ന നഗരസഭകളിൽ ചേരി രഹിത നഗരാസൂത്രണ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്:

1. തിരുവനന്തപുരം
2. കൊല്ലം
3. തൃശൂർ
4. കോഴിക്കോട്
5. കണ്ണൂർ

കൊച്ചി നഗരസഭയെ പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും കർമ്മപരിപാടി തയ്യാറാക്കിയിട്ടില്ല.

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(സി) നഗരസഭകളുടെ അനുമതിയോടെ സംസ്ഥാനതല നോഡൽ ഏജൻസിക്ക് സമർപ്പിച്ച കർമ്മ പരിപാടികൾ ബഹു: മുഖ്യമന്ത്രി അധ്യക്ഷനായ സംസ്ഥാനതല സാങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതിയോടെ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് 160.77 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 86 വീടുകളുടെ നിർമ്മാണം പൂർത്തിയായി. 335 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ളവ പ്രാരംഭഘട്ടത്തിലാണ്.

രാജീവ് ആവാസ് യോജന പദ്ധതിക്ക് പകരം പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രഖ്യാപിച്ച സാഹചര്യത്തിൽ ചേരിരഹിത നഗരാസൂത്രണ പദ്ധതി ഹൗസിംഗ് ഫോർ ആൾ പ്ലാൻഓഫ് ആക്ഷനുമായി സംയോജിപ്പിക്കുവാൻ കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം നിർദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ